വളർത്തിയ ഈ സർക്കാരിനുവേണ്ടി ഗവർണ്ണർ നടത്തിയ നന്ദിപ്രമേയത്തെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

# IX. റൂളിംഗ്

## അംഗങ്ങൾ സഭാമര്യാദകൾ പാലിക്കേണ്ടത് സംബന്ധിച്ച്

മി. സ്പീക്കർ : പൊതു ചർച്ച അവസാനിക്കുകയാണ്. ഇനി മന്ത്രിമാരുടെ മറുപടിയാണ്. അതിനുമുൻപ് ഒരു കാര്യം ഇവിടെ സൂചിപ്പിക്കാനുള്ളത് ചില മെമ്പർമാർ എനിക്കു നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഈ നിയമസഭയിൽ ചോദ്യോത്തരവേളകളിലും ചർച്ചകളിലും അംഗങ്ങൾ പരസ്പരം പാലിക്കേണ്ട സംഭാഷണ മര്യാദകളും സഭാ മര്യാദകളും പലപ്പോഴും പാലിക്കുന്നില്ല എന്ന കാര്യം ചെയർ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട ചില മെമ്പർമാർ എഴുതിതന്ന പരാതിയുടെ തന്നെ അടിസ്ഥാനത്തിൽ ഇത് വീണ്ടും ഇവിടെ സൂചിപ്പിക്കാൻ ചെയർ ആഗ്രഹിക്കുകയാണ്. അംഗങ്ങൾ തമ്മിലും പ്രത്യേകിച്ച് വനിതാമെമ്പർമാർ ഉൾപ്പെടെയുള്ള അംഗങ്ങൾ തമ്മിലും സംഭാഷണങ്ങളും അഭിപ്രായങ്ങളും പ്രകടനങ്ങളും പരസ്പര ബഹുമാനത്തോടുകൂടി തന്നെയാകണം. അതിൽ ദുഃസൂചനകൾ പാടില്ല. ആരെയും വേദനിപ്പിക്കാനും പാടില്ല എന്ന കാര്യം ചെയർ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

ഓർഡർ ........ ഓർഡർ .........

ഇവിടെ ഇന്നത്തെ ചർച്ചയിൽ ഉണ്ടായ ഒരു കാര്യം ഒരു പേഴ്സണൽ എക്സ്പ്ളനേഷൻ എന്ന നിലയിൽ ശ്രീ. കെ.സി. വേണുഗോപാൽ എഴുതി തന്നിട്ടുണ്ട്. അതിന്റെ വിശദാംശം എനിക്ക് അറിയില്ല. അങ്ങ് എന്താ സൂചിപ്പിക്കുന്നത്.

# X. വ്യക്തിപരമായ വിശദീകരണം

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഈ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രിവിലേജ് കമ്മിറ്റിയുടെ ചെയർമാനും. ചീഫ് വിപ്പുമായ ശ്രീ. ടി.കെ. ഹംസ ചെയ്ത പ്രസംഗത്തിലെ പരാമർശത്തെക്കുറിച്ചാണ് ഞാൻ സൂചിപ്പിക്കുന്നത്. ഒന്നര വർഷം മുൻപ് ആലപ്പുഴ പോലീസ് അതിക്രമവുമായി ബന്ധപ്പെട്ട ഒരു കാര്യമാണ്. സർ, രണ്ടു വർഷം മുൻപ് വളരെ വേദനാജനകമായ ഒരു അനുഭവമാണ് ആലപ്പുഴയിലെ ജനപ്രതിനിധിയെന്ന നിലയിൽ എനിക്കുണ്ടായത്. ഈ സഭയിൽ അങ്ങ് അനുവദിച്ചതനുസരിച്ചു തന്നെ ഒരു പേഴ്സണൽ എക്സ്പ്ളനേഷൻ ഞാൻ മുൻപ് നടത്തിയതാണ്. ഒന്നര വർഷം മുൻപാണ് അത് നടത്തിയത്. എനിക്ക് എന്റെ നിയോജകമണ്ഡലത്തിലുണ്ടായ വളരെ വേദനാജനകമായ അനുഭവത്തെത്തുടർന്ന് ഒന്നര മാസക്കാലത്തോളം മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിത്സയിലാവുകയും അങ്ങ് വന്ന് എന്നെ സന്ദർശിച്ചതുമാണ്. അവിടത്തെ പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരായി പരാതി നല്കുകയും ചെയ്തിട്ടുണ്ട്. നിയമസഭാ സ്പീക്കറെന്ന നിലയിൽ അങ്ങേയ്ക്ക് പ്രിവിലേജ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കാൻവേണ്ടിയുള്ള പരാതിയും നല്കിയിട്ടുണ്ട്. ആ പോലീസ് ഉദ്യോഗസ്ഥൻ അങ്ങയുടെ മുൻപിൽ ഹാജരാകാതിരുന്നതുമൂലമാണ് ആ



LIBRARY ARCHIVES Kerala Legislative Assembly